# <u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ, തിരുവനന്തപുരം</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് – ജീവനക്കാര്യം – താഴ്ന്നവേതനക്കാരായ ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II നിയമനം – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കെ.എസ്.എ.7/എസ്റ്റാ.1/2019** **തീയതി: 22.07.2019**

---

പരാമർശം : (1) 03.04.2010 ലെ ജി.ഒ (എം.എസ്) നം.211/10/ധന ഉത്തരവ്

(2) 29.04.2019 ലെ കെ.എസ്.എ.7/എസ്റ്റാ.1/2019 (1) നമ്പർ കത്ത്

(3) 21.03.2013 ലെ എൽ.എഫ്.16273/എസ്റ്റാ 3/2011 നമ്പർ ഉത്തരവ്

(4) ശ്രീമതി.രമാമോൾ വേലായുധൻ, ഓഫീസ് അറ്റൻഡന്റിന്റെ 29.04.19 ലെ അപേക്ഷ

## <u>ഉത്തരവ്</u>

പരാമർശം 1 ഉത്തരവ് പ്രകാരം, എസ്.എസ്.എൽ.സി യും നിർദ്ദിഷ്ട ടൈപ്പ് റൈറ്റിംഗ്/കമ്പ്യൂട്ടർ യോഗ്യതകളുമുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ താഴ്ന്ന വേതനക്കാരായ ജീവനക്കാർക്ക് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് പി.എസ്.സി യിൽ നിന്നുള്ള നിയമനത്തിനനുസൃതമായി 10:1 എന്ന അനുപാതത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകാവുന്നതാണ്. അപ്രകാരം താഴ്ന്നവേതനക്കാരായ ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II നിയമനം നൽകുന്നതിലേയ്ക്കായി നിലവിലുള്ള ഒരു ഒഴിവിലേയ്ക്ക് പരാമർശം 2 പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു.

അപേക്ഷകരിൽ സീനിയോറിറ്റിയിൽ പരാമർശം 3 ലെ ക്രമപ്രകാരം ഏറ്റവും മുന്നിലുള്ള, കോട്ടയം നഗരസഭ ഓഡിറ്റ് കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് (ഹ.ഗ്രേ) ശ്രീമതി.രമാമോൾ വേലായുധന് നിർദ്ദിഷ്ട യോഗ്യതകളുണ്ട്. പരാമർശം 4 പ്രകാരം തസ്തികമാറ്റം വഴി കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II നിയമനം നൽകണമെന്ന് ശ്രീമതി.രമാമോൾ വേലായുധൻ അപേക്ഷിച്ചിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ ശ്രീമതി.രമാമോൾ വേലായുധനെ 20000–45800 രൂപ ശമ്പള സ്കെയിലിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ **പത്തനംതിട്ട ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ** നിലവിലുള്ള ഒഴിവിൽ നിയമനം നൽകി ഉത്തരവാകുന്നു.

ശ്രീമതി.രമാമോൾ വേലായുധൻ, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ മൂന്ന് വർഷത്തെ തുടർച്ചയായ സേവനകാലയളവിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

(ഒപ്പ്)
**ഡയറക്ടർ**

ശ്രീമതി.രമാമോൾ വേലായുധൻ, ഓഫീസ് അറ്റൻഡന്റ് (ഹ.ഗ്രേ)

**പകർപ്പ്**

1. ജോയിന്റ് ഡയറക്ടർമാർ/സീനിയർ ഡെപ്യൂട്ടി ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർമാർ, ഡയറക്ടറേറ്റ്
2. സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട (ശ്രീമതി.രമാമോൾ വേലായുധൻ ജോലിയിൽ പ്രവേശിക്കുമ്പോൾ യോഗ്യത തെളിയിക്കുന്ന അസ്സൽ പ്രമാണങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തി വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്)
3. ഡെപ്യൂട്ടി ഡയറക്ടർ, നഗരസഭ ഓഡിറ്റ് കാര്യാലയം, കോട്ടയം
4. എസ്റ്റാ 2,3,4 സെക്ഷനുകൾ
5. സ്റ്റോക്ക്